**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **03-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവേശന പരീക്ഷയ്ക്ക് കൂടുതൽ പരീക്ഷാ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 അധ്യയന വർഷത്തെ കേരള എൻജിനീയറിംഗ്, ഫാർമസി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷക്ക് കോവിഡിന്റെ സാഹചര്യത്തിൽ കൂടുതൽ പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | കീം പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു മുൻ വർഷങ്ങളിൽ തെരഞ്ഞെടുത്തിരുന്നത്. എന്നാൽ കോവിഡ് 19 ന്റെ സാഹചര്യത്തിൽ, കീം 2021 പ്രവേശന പരീക്ഷയ്ക്കായി സംസ്ഥാനത്തെ 14 ജില്ലകളിലെ 77 താലൂക്കുകളിലായി 415 പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മുംബൈ, ഡൽഹി, ദുബായ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പരീക്ഷ നടത്തണമെന്ന കർശന നിർദ്ദേശം പരീക്ഷാകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ സഹായ സഹകരണവും ഏകോപനവും ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ